"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - തിരുവനന്തപുരം നഗരസഭയിലെ സൂപ്രണ്ട് ശ്രീ.സുരേഷ് കുമാർ, യു.ഡി ക്ലാർക്ക് ശ്രീമതി.എസ്.രാധാമണി എന്നിവർക്കെതിരെയുള്ള അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2090/2023/LSGD തീയതി,തിരുവനന്തപുരം, 26-10-2023

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 23.02.2010 തീയതിയിലെ ഇ1(എസ്.സി.28/2009/റ്റി.വി.എം)28796/09 നമ്പർ കത്ത്
2. 07.10.2010 തീയതിയിലെ 41942/ഇയു2/10/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 06.10.2023 തീയതിയിലെ LSGD/PD/42969/2023-VIGA2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭ വെൺപാലവട്ടം സോണൽ ആഫീസിൽ 07.12.2009 ൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന റിപ്പോർട്ടിൽ ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം വന്നതായ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വെൺപാലവട്ടം സോണൽ ആഫീസിലെ സൂപ്രണ്ട് ശ്രീ.സുരേഷ് കുമാർ, യു.ഡി ക്ലാർക്ക് ശ്രീമതി രാധാമണി എന്നിവർക്കെതിരെ അച്ചടക്കനടപടി ആരംഭിക്കുകയും പരാമർശം 2പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകുകയും ചെയ്തിരുന്നു.

2. കുറ്റാരോപണമെമ്മോ/പത്രിക-യ്ക്ക് ശ്രീ.സുരേഷ് കുമാർ, ശ്രീമതി രാധാമണി എന്നിവർ മറുപടി സമർപ്പിക്കുകയും ആയതിൽ സെക്ഷനിലെ അമിതഭാരം കാരണമാണ് കാലതാമസം ഉണ്ടായിട്ടുള്ളതെന്നും മനപൂർവ്വം വീഴ്ചയുണ്ടായിട്ടില്ലായെന്നും ബോധിപ്പിച്ചിരുന്നു. കൂടാതെ ശ്രീമതി രാധാമണി 31.03.2010നും ശ്രീ.സുരേഷ് കുമാർ 31.05.2012നും സേവനത്തിൽ നിന്നും വിരമിച്ചിരുന്നു.

3. പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം 2 റിപ്പോർട്ട് പ്രകാരം നഗരകാര്യ ഡയറക്ടറേറ്റിലെ വി1-15923/10 നമ്പർ ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്നും കുറ്റാരോപിതരായ സൂപ്രണ്ട് ശ്രീ.സുരേഷ് കുമാർ, യു.ഡി ക്ലാർക്ക് ശ്രീമതി.രാധാമണി എന്നിവർ സർവീസിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളതാണ് എന്നും ടിയാളുകൾ സാമ്പത്തിക ക്രമക്കേടുകളൊന്നും നടത്തിയിട്ടില്ലാത്തതിനാൽ ടിയാൾക്ക് അർഹമായ ഡി.സി.ആർ.ജി അനുവദിച്ച് നൽകുന്നതിന് സർക്കാർ നിർദ്ദേശിച്ചിരുന്നതായും അറിയിച്ചിരുന്നു. സെക്ഷനിലെ അമിത ജോലിഭാരം കൊണ്ടാണ് ഫയലിൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം

ഉണ്ടായിട്ടുള്ളതെന്നും അല്ലാതെ മനപൂർവം വീഴ്ചയൊന്നും ഉണ്ടായിട്ടില്ലെന്നുമുള്ളതാണ് കുറ്റാരോപിതരുടെ വാദം. നഗരകാര്യ ഡയറക്ടറേറ്റിലെ വി1-15923/10 നമ്പർ ഫയൽ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ കുറ്റാരോപിതരായ സൂപ്രണ്ട് ശ്രീ.സുരേഷ് കുമാർ, യു.ഡി ക്ലാർക്ക് ശ്രീമതി.രാധാമണി എന്നിവർക്കെതിരെയുള്ള തുടർനടപടി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം പ്രിൻസിപ്പൽ ഡയറക്ടറുടെ ശുപാർശയുടേയും, ജീവനക്കാരുടെ മറുപടിയുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അതിൻപ്രകാരം മേൽ ജീവനക്കാർ 2010, 2012 കാലഘട്ടത്തിൽ വിരമിച്ചിട്ടുള്ളതാണ് എന്ന വസ്തുതയും, ടിയാളുകൾ സാമ്പത്തിക ക്രമക്കേടുകളൊന്നും നടത്തിയിട്ടില്ലായെന്നതും പരിഗണിച്ച്, തിരുവനന്തപുരം നഗരസഭ വെൺപാലവട്ടം സോണൽ ആഫീസിലെ സുപ്രണ്ട് ശ്രീ.സുരേഷ് കുമാർ, യു.ഡി ക്ലാർക്ക് ശ്രീമതി രാധാമണി എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടി ഒഴിവാക്കി അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.സുരേഷ് കുമാർ, സുപ്രണ്ട്, തിരുവനന്തപുരം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി.എസ്. രാധാമണി, യു.ഡി ക്ലാർക്ക്, തിരുവനന്തപുരം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 26-10-2023 13:35:34
സെക്ഷൻ ഓഫീസർ